2600
8/2/18

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധികചുമതല തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എസ്. ഗോപകുമാറിന് നൽകിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.199/2018/തസ്വഭവ — തീയതി, തിരുവനന്തപുരം, 22.01.2018

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 01.07.2016-ലെ ഇ 11-3655/2016 നമ്പർ നടപടിക്രമം
2. പഞ്ചായത്ത് ഡയറക്ടറുടെ 29.03.2017-ലെ ഇ 11-3831/2010 നമ്പർ നടപടിക്രമം

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ അധിക ചുമതല തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എസ്. ഗോപകുമാറിന് പരാമർശം (1) നടപടിക്രമം പ്രകാരം നൽകുകയുണ്ടായി. ഈ ചുമതല ശ്രീ. എസ്. ഗോപകുമാർ 12.07.2016 പൂർവാഹ്നത്തിൽ ഏറ്റെടുക്കുകയും തുടർന്ന് ടിയാൻ വിരമിച്ചതിനാൽ പരാമർശം (2) നടപടിക്രമം പ്രകാരം 31.03.2017 അപരാഹ്നത്തിൽ ചുമതല കൈമാറ്റം നടന്നിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ മേൽ പരാമർശ നടപടിക്രമങ്ങൾ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ,**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. എസ്. ഗോപകുമാർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തിരുവനന്തപുരം
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്. ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ